
# എൻ എസ് എസ് എച്ച് എസ് എസ് ചിങ്ങവനം





## ആചാര്യവന്ദനം

മഹിത സേവന മന്ദാരദാരുവിൽ

മലർവിരിച്ച മരതകച്ഛായയിൽ

അവശ ലോകത്തെയാനയിച്ചാനയി-

ച്ചവധിയില്ലാത്ത ശാന്തിയേകി സ്വയം

അനുദിനം മാനവോൽക്കർഷപൂർത്തിത-

ന്നടിയുറപ്പിനായർപ്പിച്ചു ജ്ജീവിതം

വിലസുമുജ്ജ്വലനായകതാരക

വിമല ഹീരമേ നീണാൾ ജയിക്ക നീ...!!!!

ചങ്ങമ്പുഴ കൃഷ്ണപിള്ള

# സമർപ്പണം

**അറിവിന്റെ അക്ഷര ലോകത്തിലേക്ക് ,**

**വിദ്യാലയത്തിന്റെ തിരുമുറ്റത്തേക്ക്**

**എത്തിപ്പെടാനാവാതെ പോയ**

**കുരുന്നുകൾക്ക് ……..**



# എഡിറ്റോറിയൽ

ഏതൊരു പ്രാദേശിക ഭാഷയും, ജീവിക്കുന്നതും വളരുന്നതും അത് ഉപയോഗിക്കുന്നവർ നിത്യ ജീവിതത്തിന്റെയും സാങ്കേതിക വിദ്യയുടെയും സമസ്ത തലങ്ങളിലേക്കും അവരുടെ ഭാഷയെ വളർത്തി എടുക്കുമ്പോഴാണ്. അതിനാൽ തന്നെ പ്രാദേശിക ഭാഷ കംപ്യൂട്ടിങ്ങിൽ അവബോധവും താല്പര്യവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നത് സുപ്രധാനമായി നാം കാണേണ്ടിയിരിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന പുതിയ കാലഘട്ടത്തിന്റെ വായനാരീതികളും എഴുത്തുവിദ്യയും മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഭാഷ കമ്പ്യൂട്ടിങ് സങ്കേതങ്ങൾ സ്വയം മനസ്സിലാക്കേണ്ടതും പരിശീലിക്കേണ്ടതുമാണെന്നുള്ള തിരിച്ചറിവിന്റെ സാക്ഷാൽക്കാരമാണ് നമ്മുടെ **മയൂഖം** . ഈ സാക്ഷാൽക്കാരത്തിൽ നമ്മുടെ കുട്ടികളും അധ്യാപകരും അധ്യാപകേതര ജീവനക്കാരും താങ്ങായിട്ടുണ്ട്. ഏവരെയും സ്നേഹത്തോടെ സ്മരിച്ചുകൊണ്ട് **മയൂഖം** സമർപ്പിക്കുന്നു.

**ചീഫ് എഡിറ്റർ**

**എഡിറ്റേഴ്സ്**

**സ്റ്റുഡന്റ് എഡിറ്റേഴ്സ്**



# സന്ദേശം



ചിന്തിക്കുന്നവരുംപ്രവർത്തിക്കുന്നവരുംനേടിഎടുക്കുന്നഒന്നാണ്നേട്ടങ്ങൾ.ക്രിയാത്മകത നിറഞ്ഞിട്ടുള്ള ഈ ഡിജിറ്റൽ മാഗസിനിൽ കുട്ടികളുടെ കഴിവുകളും സ്വപ്നങ്ങളും പതിഞ്ഞിട്ടുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ , എല്ലാ പ്രവർത്തികളും ഏറ്റവുംനല്ലതാകണമെന്ന ആഗ്രഹത്തിലുപരി ,സ്വന്തം കഴിവിന്റെ അങ്ങേയറ്റം പരിശ്രമം അതിനുവേണ്ടി സമർപ്പിക്കുക . എന്റെ എല്ലാ ആശംസകളും അനുഗ്രഹങ്ങളും.

**സ്നേഹപൂർവ്വം പ്രിൻസിപ്പൽ**

**എം രമാദേവി**

# ആശംസ

പ്രിയപ്പെട്ട' ലിറ്റിൽ കൈറ്റ്സ് ' കൂട്ടുകാരെ

വിവരസാങ്കേതികവിദ്യാ രംഗത്തെ നൂതന പ്രവണതകൾ നമ്മുടെ വിദ്യാലയത്തിന്റെ തിരുമുറ്റത്തെത്തിക്കുവാനുള്ള നിങ്ങളുടെ പരിശ്രമങ്ങ ളെ ആഹ്ലാദത്തോടെയാണ് നോക്കിക്കാണുന്നത്.

ഏഴു ദശാബ്ദക്കാലമായി തലമുറകൾക്കു മാർഗ്ഗദർശനമേകി നിലകൊള്ളുന്ന സമാനതകളില്ലാത്ത ഒരു പ്രകാശഗോപുരമാണ് നമ്മുടെ വിദ്യാലയം- ഈ നാടിന്റെ സദനം സ്ക്രൂൾ.

നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും 'മയൂഖ'ത്തിനും സർവ്വവിധഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം

ആർ ബിജുകുമാർ

അധ്യാപകൻ

# ഉള്ളടക്കം


- സ്ക്കൂൾ തല പ്രവർത്തനങ്ങൾ ......................... 8
- സ്വപ്നവും സത്യവും ...,............. 13
- എന്റെ ഓർമ്മയിലെ മഴത്തുള്ളികൾ .................. 14
- അമ്മ ...................15
- _DR. APJ ABDUL KALAM ..................16
- THOUGHTS .................. 17
- मन में से ....................20
- യാത്ര ...................21
- പഴഞ്ചൊല്ലുകൾ ...................22
- മന്നത്ത് പത്മനാഭൻ .................. 24
- ചിത്രശലഭം .................. 26
- ചിത്രങ്ങൾ .................. 27
- പ്രവേശനോത്സവം .................. 29
- നാസ (NASA) ................. 30
- വയലാർ അവാർഡ് ജേതാക്കളും ഗ്രന്ഥങ്ങളും ................. 31
- ജ്ഞാനപീഠ പുരസ്കാരം ലഭിച്ച മലയാളികൾ ...............34
- സെൽഫി വിപ്ലവം .............. 35
- ഔഷധച്ചെടികളും ശാസ്ത്രനാമങ്ങളും .............. 36
- ചിത്രങ്ങൾ .............. 37
- വിരഹം ................39

# സ്കൂൾ തല പ്രവർത്തനങ്ങൾ

## സ്മാർട്ട് ക്ലാസ്സ്റൂം ഉദ്ഘാടനം



## പ്രവേശനോത്സവം





**USS സ്കോളർഷിപ് നേടിയ വൃന്ദ വേണനാഥ്, NMMS Second Rank Holder (KOTTAYAM) സാമുവൽ അജിത് ജോൺ, എസ് എസ് എൽ സി, ഹയർ സെക്കന്ററി ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾ - അനുമോദനം**

# പരിസരശുചീകരണം










## സ്വാതന്ത്ര്യദിനാചരണം

# കേരളീയം 2018



# കലോത്സവം 2018



## സ്വപ്നവും സത്യവും

ചുട്ട നെട്ടുവീർപ്പുകൾ എരിക്കുന്ന പകലുകൾ
നേർത്ത നിശ്വാസങ്ങളുതിരുന്ന രാത്രികൾ
ഇനിയെത്ര വേനലിൽ വറുതിയിൽ അലയണം
നാം ഇനിയെത്ര പകലിൽ ദൂരങ്ങൾ താണ്ടണം..!
കുടിനീര് വറ്റുന്ന ഭൂമിയിലൊരിറ്റു
മഴനീരിനായി മിഴിനീരൊഴുക്കുന്നു..
കാടെത്ര വെട്ടിവെളുപ്പിച്ചുനാം
നിർമിച്ചു നാടാകെ കോൺക്രീറ്റു വനങ്ങൾ !!
ചുട്ടുകാറ്റ് വീശുന്ന പകലിരവുകളിൽ
കൈനീട്ടി ഇരക്കുന്നു കുളിർകാറ്റിനായി !!
കൊഴിഞ്ഞ കാലത്തിൻ കണ്ണീരൊപ്പുവാൻ
നിരന്നു നാമിന്നൊത്തു ചേരണം !
പഴിക്കാതെ, പഴുതേ കളയാതെകാലം
നെയ്യുക, പുതു കിനാവിൻ നിനവുകൾ !
നേർത്തു നിലയ്ക്കട്ടെയീ വേനലിൻ വറുതികൾ
നീർചാലുകളൊഴുകട്ടെ ഭൂമി തൻ മാറിൽ..
കളകളംപാടട്ടെ കിളികളീവിശാലതയിൽ..
പച്ചയാം പട്ടിനാൽ പൊതിയട്ടെ പ്രകൃതിയും.!

ദീപ ആർ നായർ ( മലയാളം അദ്ധ്യാപിക)

## എൻെറ ഓർമ്മയിലെ മഴത്തുള്ളികൾ

മഴയിന്നു സ്വന്തമായ് പാടിയ പാട്ടിൽ

ഒരു വരി എൻേതെന്നോർത്തു പോയ് ഞാൻ

മനസ്സിൽ പതിക്കുന്നോരോരോ തുള്ളിയും-

കനവിലെ കാവ്യമെന്നോർത്തുപോയ് ഞാൻ

കുഞ്ഞിളം തെന്നലായ് തേങ്ങീടുന്നു

ഒരു പൊന്നിളം തൂവലായ് തഴുകീടുന്നു നീ

തഴുകുന്നൊരോരോർമ്മകൾ കണ്ണുനീരായെൻ

മിഴികളിൽ കൺമഷി എഴുതീടുന്നു

അമ്മയുടെ മടിത്തട്ടിൽ കിടന്നീടുമ്പോൾ

ഒരു താരാട്ടിൻ മധുരമായ് മാറുന്നു നീ..

മരീസ കെ ബിജോയ്



# അമ്മ

ഹൃദയത്തിൽ ശ്രുതിയായും
മനസ്സിൽ നന്മയായും
ലോകത്തിൽ സത്യമായും
തെറ്റിന് ശിക്ഷയായും
കണ്ണിന് പരിഹാരമായും
അറിവിനൊരുചെറുഉറവയായും
മഞ്ഞിൽ പുതപ്പായും
ഇരുട്ടിൽ വെളിച്ചമായും
എനിക്കുണ്ടോരമ്മ
അച്ഛന്റെ ശകാരംഭയന്ന്
ഓടിയൊളിച്ചതുമെൻ-
അമ്മയുടെ സാരിത്തുമ്പിൽ
ഒക്കത്തിരുത്തി എന്നെ
ഊട്ടിയതും അമ്മതന്നെ
സ്നേഹസാഗരത്താൽ എന്നിൽ
അലയടിച്ചതും എൻ അമ്മതന്നെ.

ശ്രീലക്ഷ്മി എസ് കുമാർ



# _DR. APJ ABDUL KALAM

**Speak 5 lines to your self  every morning**

* I am the best

* I can do it

* God is always with me

* I am a winner

* Today is my day

**APJ' S  BOOKS**

**wings of fire (auto biography)**

**2020 A vision for the new millennium**

**envisioning an empowered nation**

**ignited mines**

**inspiring thoughts**

**guiding souls**

**children ask kalam**

**mission India**

**the life tree**

**the luminous spark**



***Alphy Susan Sam***

# THOUGHTS

**AHIMSA**

**The sun of ahimsa carries all the hosts of darkness, such as halred, anger, malice before himself, ahimsa in education shines clear and far and can no more he hidden even as the sun cannot be hidden by any means.**

**Mahatma Gandhi**

**ART**

**In olden times men used their powers of painting to show the objects of faith; In later times they used the objects of faith that they might show their powers of painting.**

**John Ruskin**

**BIRTH**

**Whatever creatures is born, it is from the union of spirit and matter.**

**Gita**

**BLINDNESS**

**He that is sicken blind cannot forget the precious treasure of his eye-sight lost.**

**Shakespeare**

**BLOOD**

**Blood is thicker than water.**

**JasiahTattnall**

**BOOKS**

**A dose of poison can do its work only once, but a had book can go on poisoning people's minds for any length of time.**

**John murray**

**BRAIN**

**If you do not use your brain to the almost of your power, you are more akin to the beast than to homo-sapiens.**

**Lala Har Dayal**

**CHANGE**

**Things do not change, we change**

**Henry David Thareau**

**CHILDREN**

**A child should always say what's true and speak when he is spoken to and behave mannerly at table. At least as far as he able.**

**R.l Steveson**

**DAY**

**Every day is a little life, and our whole life is but a day repeated. Therefore live everyday as if it would be the last. Those that dare lose a day are dangerously prodigal, those that dare misspend it are desparate.**

**Joseph Hall**

**DEDICATION**

**Give your life to nonem. I say save to him who give it.**

**Rabindranath Tagore**

**DEMOCRACY**

**Democracy demands discipline tolerance and mutual regard.**

**Jawaharlal Nehru**

**DISCOVERY**

**If I have ever made only valuable discoveries it has been owing more to patient attention than to any other talent**

**Sir Issac Newton**

**EDUCATION**

**Females and male both have a right to be educated all persons without distinction.**

**Swami Dayanand Saraswathi**

**ENJOYMENT**

**Let all seen enjoyments lead to the unseen fountain from hence they flow.**

**Haliburton**

***Collected by***

***ARDRA SUNIL KUMAR***



# मन में से

खुशी से आकर ,

स्मृतियाँ देकर गायब हुआ ।

मेरी प्रिय  साथी , चला गया हमारे खुशियों से । .

प्यारा नानाजी चला गया

चला गया घर से ही , इस धरती से ही

खो गया . . . खो गया . .

उस अच्छाईयों को. . . . . .

मालूम नहीं क्या कहूँ ??

अपने मन के प्यार सबको देकर

किसी दूर तक गया. . .

सुंदर  जवाकुसुम खिला. . . . . . . हफ़्ता  चला. . . .



वह सूख गाया . . . . .

लेकिन भूला नहि वह फूल उस मधु मक्खी को. . . .

दुर्गा प्रसाद एस

*മിനി കഥ*

# *യാത്ര*

*ഏറെ ആലോചിച്ചുറപ്പിച്ചാണ് ഇന്നലെയവൾ പുറപ്പെട്ടത്. കാരണം ജീവിതമവളെ പഠിപ്പിച്ചത് അങ്ങനെയാണ് നഗരത്തിലെ തിരക്കിൽ നിന്നകന്നുമാറി നിരത്തിൻറെ ഓരം പറ്റി നടക്കുമ്പോൾ തന്നെപ്പറ്റി മാത്രമാണ് അവൾ ചിന്തിച്ചത്. നിസ്സാരമായ കാര്യങ്ങൾ ഊതിപ്പെരിപ്പിച്ചാണോ താൻ തൻെറ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്ന ചിന്ത അവളെ അലട്ടിയിരുന്നു. തൻെറ സാരിത്തുമ്പിൽ പിടിച്ചുവലിക്കുന്ന നീലയുടുപ്പിട്ട പെൺകുട്ടിയുടെ നിഷ്കളങ്കമായ നോട്ടം ചിന്തകളിൽ നിന്നും അവളെ പുറത്തുകടക്കാൻ സഹായിച്ചു.അറിയാതെ ആ അമ്മയും മക്കളെയുംനിരീക്ഷിച്ചപ്പോൾ ഇല്ലായ്മയിലും തൃപ്തമായ ആ കുടുംബത്തിൻെറ അവാച്യമായ ആനന്ദം അവൾക്ക് അനുഭവിക്കാൻ കഴിഞ്ഞു തൻേറതായ പ്രശ്നങ്ങൾ മാത്രം വലുതായി കണ്ടിരുന്ന ലോകം തനിക്കന്യമായതുപോലെ അവൾക്ക് അനുഭവപ്പെട്ടു . ജീവൻെറ ഉള്ളിൽ ഒരു ശാന്തിയുടെ തുടിപ്പ് അവൾക്ക് തിരിച്ചറിയാൻ കഴിഞ്ഞു.......*

*ദീപ ആർ നായർ* ( *മലയാളം അദ്ധ്യാപിക*)

## പഴഞ്ചൊല്ലുകൾ

* അകലത്തെ ബന്ധുവിനേക്കാൾ അരികത്തെ ശത്രു നല്ലത്

* അങ്ങാടിയിൽ തോറ്റതിന് അമ്മയോട്

* അച്ഛൻ ആനപ്പുറം കയറിയാൽ മകന് തഴമ്പുവരുമോ?

* അങ്ങാടിപ്പയ്യ് ആലയിൽ തീരുമോ?

* അടയ്ക്കയായാൽ മടിയിൽ വയ്ക്കാം അടയ്ക്കാമരമായാലോ?

* അടുത്തവനെ കെടുത്തരുത്

* അച്ഛനിച്ഛിച്ചതും വൈദ്യൻ കൽപ്പിച്ചതും പാല്

* അച്ചിക്ക് കൊഞ്ചുപക്ഷം നായർക്ക് ഇഞ്ചി പക്ഷം.

* അടിതെറ്റിയാൽ ആനയും വീഴും.

* അണ്ണാൻ മൂത്താലും മരം കയറ്റം മറക്കുമോ?

* അണ്ണാൻ കുഞ്ഞും തന്നാലായത്.

*അമ്മയ്ക്ക് പ്രാണവേദന , മക്കൾക്ക് വീണവായന..

* ആനയ്ക്കു തടി ഭാരം ഉറുമ്പിന് അരി ഭാരം

* ആന മെലിഞ്ഞാൽ തൊഴുത്തിൽ തെട്ടുമോ?

* ഇടിവെട്ടിയവനെ പാമ്പുകടിച്ചു

* ഇരയിട്ടാലേ മീൻ കിട്ടൂ

* ഇറക്കമുണ്ടെങ്കിൽ ഏറ്റവുമുണ്ട്

* ഇടിച്ചുനേടുന്നത് ചിരിച്ചുനേടാം

* ഉയരത്തിൽ നിൽക്കുന്നതു ഊക്കിൽ വീഴും

* ഉള്ളിലൊന്ന് നാക്കിലൊന്ന് കയ്യിലൊന്ന്

* ഏട്ടിലെ പശു പുല്ലുതിന്നുകയില്ല

* ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും

* ഒന്നേ ഉള്ളെങ്കിലും ഉലക്കകൊണ്ടടിക്കണം

ശേഖരണം

ജെമി റെയിച്ചൽ ഏബ്രഹാം



ലേഖനം

# മന്നത്ത് പത്മനാഭൻ

സ്വാതന്ത്ര്യ സമര സേനാനി, സാമൂഹ്യ പരിഷ്കർത്താവ് എന്നിങ്ങനെ പൊതു രംഗത്ത് മായാത്ത മുദ്ര പതിപ്പിച്ച വ്യക്തിയാണ് എൻ എസ് എസ് സ്ഥാപകനായ മന്നത്ത് പത്മനാഭൻ.

1878 ജനുവരി രണ്ടിന് നീലമന ഇല്ലത്തെ ഈശ്വരൻ നമ്പൂതിയുടെയും മന്നത്ത് പാർവതി അമ്മയുടെയും മകനായി പത്മനാഭൻ  ജനിച്ചു. ഒരു സർക്കാർ സ്കൂളിലെ അധ്യാപകനായി തൊഴിൽ ജീവിതം തുടങ്ങിയ മന്നം വർഷങ്ങൾക്ക് ശേഷം ഇരുപത്തിയേഴാം വയസ്സിൽ അഭിഭാഷകവൃത്തി സ്വീകരിച്ചു.

1914 ഒക്ടോബർ 31 ന് പെരുന്നയിലെ മന്നത്ത് ഭവനിൽ വച്ച് 14 അംഗങ്ങൾ മന്നത്ത് പദ്മനാഭന്റെ നേതൃത്വത്തിൽ സമുദായ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കാനെടുത്ത തീരുമാനമാണ് പിൽക്കാലത്ത് നായർ സർവീസ് സൊസൈറ്റി എന്ന പേരിലുള്ള ബൃഹദ് സംഘടനയായി പരിണമിച്ചത്. സമുദായഉന്നമനത്തെ ലക്ഷ്യമിട്ട് തുടങ്ങിയ 'നായർ ഭൃത്യജന സംഘം' ആണ് നായർ സർവീസ് സൊസൈറ്റി ആയി മാറിയത്.

സംഘടന രൂപീകരിച്ചതു കൊണ്ട് പ്രവർത്തന മേഖല ചുരുക്കാൻ പത്മനാഭൻ ഒരുക്കമായിരുന്നില്ല. 1924 ൽ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് തൊട്ടുകൂടായ്മയ്ക്കെതിരെയുള്ള ഐതിഹാസിക സമരത്തിലും അദ്ദേഹം പങ്കാളിയായി. 1947 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗമായ അദ്ദേഹം തിരുവിതാംകൂർ ദിവാനായ സർ സിപിയുടെ ഏകാധിപത്യഭരണത്തിനെതിരെയുള്ള പ്രക്ഷോഭത്തിലും പങ്കാളിയായി.

1949 ൽ നടന്ന തെരഞ്ഞെടുപ്പിലൂടെ മന്നത്ത് പത്മനാഭൻ തിരുവിതാംകൂർ ലെജിസ്ലേറ്റിവ് അസംബ്ലിയിലെത്തി. 1959 നടത്തിയ വിമോചന സമരം സംസ്ഥാന സർക്കാരിനെ നിലംപൊത്തിച്ചു. കമ്യൂണിസ്റ്റ് മന്ത്രി സഭയിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ജോസഫ് മുണ്ടശേരി കൊണ്ടുവന്ന വിദ്യാഭ്യാസ ബില്ല് കടുത്ത എതിർപ്പിന് പാത്രമാവുകയും വിമോചന സമരത്തിൽ കലാശിക്കുകയും ആയിരുന്നു.

വിമോചന സമരത്തെ തുടർന്ന് 1959 ജൂലൈ 31 ന് ഇ എം എസിന്റെ നേതൃത്വത്തിലുള്ള കമ്യൂണിസ്റ്റ് മന്ത്രി സഭ വീണു. തുടർന്ന് കേരളത്തിൽ രാഷ്ട്രപതി ഭരണംനടത്തി.

നായർ സർവീസ് സൊസൈറ്റിയുടെ സെക്രട്ടറിയായി 31 വർഷവും പ്രസിഡൻറായി മൂന്ന് വർഷവും സേവനം അനുഷ്ഠിച്ച മന്നത്ത് പത്മനാഭൻ 1970 ഫെബ്രുവരി 25 ന് നിര്യാതനായി. ഇന്ത്യൻ രാഷ്ട്രപതിയിൽ നിന്ന് 'ഭാരത കേസരി' പുരസ്കാരം നേടിയ മന്നത്തിന് 1966 ൽ പദ്മഭൂഷണം ലഭിച്ചിരുന്നു.

അർജ്ജുൻ എസ്



കവിത

## ചിത്രശലഭം

പല വർണ്ണ നിറങ്ങളാൽ ചാലിച്ച ചിറകുള്ള
ശലഭമേ നീ എന്തേ വന്നിടാത്തൂ
ഒരു കുഞ്ഞു പൂവിന്റെ മാധുര്യം
നുകരുവാൻ ശലഭമേ നീ എന്തേ വന്നിടാത്തൂ
നിറയെ തളിർത്തും പൂത്തും നിൽക്കുമീ-
പുഷ്പവാടിയിൽ എന്തേ വന്നിടാത്തൂ
തേൻ കുടത്തിൻ മേൽ ഒന്നാഞ്ഞു
പറക്കുവാൻ ശലഭമേ നീ എന്തേ വന്നിടാത്തൂ
തിരയുന്നു നിന്നെ ഞാൻ ആ പുഷ്പവാടി-
യിലൊരു പൂവിൻ ചുറ്റിലുമൊന്നുകാണാൻ



ദർശന രാജേഷ്



ഗൗതം കൃഷ്ണ



നീരജ് ഹരിദാസ്

## കവിത

### പ്രവേശനോത്സവം

പൂക്കളെപ്പോലെ പുഞ്ചിരിക്കാം

പൂമ്പാറ്റകളായി പാറിപ്പറക്കാം

പൂങ്കാവിലൂഞ്ഞാലാടി രസിക്കാം

പൂങ്കവിളിൽ പൂമുത്തമിട്ടുകളിക്കാം

ആടിപ്പാടാമാടിത്തിമർക്കാ-

മാനന്ദമോടങ്ങാർത്തുവിളിക്കാം

ആനയെപ്പോലുള്ളോരാളായി മാറാം

പൂരോത്സവത്തിനെഴുന്നള്ളിനിൽക്കാം.

ഉണ്ണികളെ വാനത്തോളമുയർന്നീടാം

വാനിൽ നിന്നാ നക്ഷത്രങ്ങളെ തൊട്ടുമുട്ടിരസിച്ചീടാം.

വാവാ കളികളിലൂടൊരു ചിരിമുറ്റം

കുളിരുകൾ നൽകും പൂമുറ്റം

തെളിനീരൊഴുകും വെൺമുറ്റം

മലയാളത്തിൻ തിരുമുറ്റം

അദ്വൈത് സി എൻ



# നാസ (NASA)



ബഹിരാകാശം എന്ന് കേൾക്കുമ്പോൾ ഓർമ്മയിൽ ആദ്യമെത്തുന്ന പേരാണ് നാസ . അമേരിക്കയുടെ ദേശീയ ബഹിരാകാശ ഭരണ നിർവഹണ ഏജൻസി ആണിത്. 1958 –ലാണ് നാസ സ്ഥാപിതമായത്. 2018 ൽ 60 വയസ് പൂർത്തി യായി .നാസയുടെ മികവിന്റെ ചരിത്രത്തിലെ ഏറ്റവും തിളക്കമേറിയതാണ് ആദ്യ മായി മനുഷ്യനെ ചന്ദ്രനിലെത്തിച്ച അത്ഭുത നിമിഷങ്ങൾ. NATIONAL AERONAUTICS AND SPACE ADMINISTRATION എന്നതിന്റെ ചുരുക്കെഴുത്താണ് NASA .ഈ ആറ് പതിറ്റാണ്ടിനിടയിൽ ലോകത്തു മറ്റൊരു ബഹിരാകാശ ഗവേ ഷണ ഏജൻസിക്കും നേടുവാൻ കഴിയാത്ത മികച്ച നേട്ടങ്ങളാണ് നാസ കൈവ രിച്ചത്.

ഗോപിക കെ എസ്



# വയലാർ അവാർഡ് ജേതാക്കളും ഗ്രന്ഥങ്ങളും

| വർഷം | വ്യക്തി | ഗ്രന്ഥം |
|---|---|---|
| 1977 | ലളിതാംബിക അന്തർജ്ജനം | അഗ്നിസാക്ഷി |
| 1978 | പി.കെ. ബാലകൃഷ്ണൻ | ഇനി ഞാൻ ഉറങ്ങട്ടെ |
| 1979 | മലയാറ്റൂർ രാമകൃഷ്ണൻ | യന്ത്രം |
| 1980 | തകഴി ശിവശങ്കരപ്പിള്ള | കയർ |
| 1981 | വൈലോപ്പിള്ളി ശ്രീധരമേനോൻ | മകരക്കൊയ്ത്ത് |
| 1982 | ഒ.എൻ.വി. കുറുപ്പ് | ഉപ്പ് |
| 1983 | വിലാസിനി | അവകാശികൾ |
| 1984 | സുഗതകുമാരി | അമ്പലമണി |
| 1985 | എം.ടി. വാസുദേവൻ നായർ | രണ്ടാമൂഴം |
| 1986 | എൻ.എൻ. കക്കാട് | സഫലമീയാത്ര |
| 1987 | എൻ. കൃഷ്ണപിള്ള | പ്രതിപാത്രം ഭാഷണഭേദം |
| 1988 | തിരുനല്ലൂർ കരുണാകരൻ | തിരുനെല്ലൂർ കരുണാകരന്റെ കവിതകൾ |
| 1989 | സുകുമാർ അഴീക്കോട് | തത്ത്വമസി |
| 1990 | സി. രാധാകൃഷ്ണൻ | മുൻപേ പറക്കുന്ന പക്ഷികൾ |
| 1991 | ഒ. വി. വിജയൻ | ഗുരുസാഗരം |
| 1992 | എം.കെ. സാനു | ചങ്ങമ്പുഴ - നക്ഷത്രങ്ങളുടെ സ്നേഹഭാജനം |

| | | |
|---|---|---|
| 1993 | ആനന്ദ് (പി. സച്ചിദാനന്ദൻ) | മരുഭൂമികൾ ഉണ്ടാകുന്നത് |
| 1994 | കെ. സുരേന്ദ്രൻ | ഗുരു (നോവൽ) |
| 1995 | തിക്കോടിയൻ | അരങ്ങു കാണാത്ത നടൻ |
| 1996 | പെരുമ്പടവം ശ്രീധരൻ | ഒരു സങ്കീർത്തനം പോലെ |
| 1997 | മാധവിക്കുട്ടി | നീർമാതളം പൂത്ത കാലം |
| 1998 | എസ്. ഗുപ്തൻ നായർ | സൃഷ്ടിയും സ്രഷ്ടാവും |
| 1999 | കോവിലൻ | തട്ടകം (നോവൽ) |
| 2000 | എം.വി. ദേവൻ | ദേവസ്പന്ദനം |
| 2001 | ടി. പദ്മനാഭൻ | പുഴ കടന്നു മരങ്ങളുടെ ഇടയിലേക്ക് |
| 2002 | കെ. അയ്യപ്പപ്പണിക്കർ | അയ്യപ്പപ്പണിക്കരുടെ കവിതകൾ (ഇദ്ദേഹം അവാർഡ് ഏറ്റുവാങ്ങാൻ വിസമ്മതിച്ചിരുന്നു) |
| 2003 | എം. മുകുന്ദൻ | കേശവന്റെ വിലാപം |
| 2004 | സാറാ ജോസഫ് | ആലാഹയുടെ പെൺമക്കൾ |
| 2005 | കെ.സച്ചിദാനന്ദൻ | സാക്ഷ്യങ്ങൾ |
| 2006 | സേതു | അടയാളങ്ങൾ |
| 2007 | എം. ലീലാവതി | അപ്പുവിന്റെ അന്വേഷണം |
| 2008 | എം.പി. വീരേന്ദ്രകുമാർ | ഹൈമവതഭൂവിൽ |
| 2009 | എം. തോമസ് മാത്യു | മാരാർ – ലാവണ്യാനുഭവത്തിന്റെ യുക്തി ശില്പം |
| 2010 | വിഷ്ണുനാരായണൻ നമ്പൂതിരി | ചാരുലത(കവിതാ സമാഹാരം) |

| | | |
|---|---|---|
| 2011 | കെ.പി. രാമനുണ്ണി | ജീവിതത്തിന്റെ പുസ്തകം |
| 2012 | അക്കിത്തം | അന്തിമഹാകാലം |
| 2013 | പ്രഭാവർമ്മ | ശ്യാമമാധവം |
| 2014 | കെ.ആർ. മീര | ആരാച്ചാർ |
| 2015 | സുഭാഷ് ചന്ദ്രൻ | മനുഷ്യന് ഒരു ആമുഖം |
| 2016 | യു.കെ. കുമാരൻ | തക്ഷൻകുന്ന് സ്വരൂപം |
| 2017 | ടി.ഡി. രാമകൃഷ്ണൻ | സുഗന്ധി എന്ന ആണ്ടാൾ ദേവനായകി |
| 2018 | കെ.വി. മോഹൻകുമാർ | ഉഷ്ണരാശി |

**സമ്പാദനം**

**സാമുവൽ അജിത്ത് ജോൺ**



# ജ്ഞാനപീഠ പുരസ്കാരം ലഭിച്ച മലയാളികൾ

**ഇന്ത്യയിലെ ഉന്നതമായ ഒരു സാഹിത്യ പുരസ്കാരമാണ് ജ്ഞാനപീഠ പുരസ്കാരം. ഭാരതീയ ജ്ഞാനപീഠ പുരസ്കാരം എന്ന മുഴുവൻ പേരുള്ള ഇത് വാഗ്ദേവിയുടെ(സരസ്വതിദേവി) വെങ്കല ശില്പം, പ്രശസ്തിപത്രം, പതിനൊന്ന് ലക്ഷം രൂപയുടെ ചെക്ക് എന്നിവ അടങ്ങുന്നതാണ് .**





**ജി. ശങ്കരക്കുറുപ്പ്(1965)**

**ഓടക്കുഴൽ**

**എസ്.കെ. പൊറ്റക്കാട് (1980)**

**ഒരുദേശത്തിന്റെ കഥ**





**തകഴി ശിവശങ്കരപ്പിള്ള (1984)**

**എം.ടി. വാസുദേവൻ നായർ(1995)**



**ഒ.എൻ.വി. കുറുപ്പ് (2007)**



-അരവിന്ദ് ജി നായർ

# സെൽഫി വിപ്ലവം



ബ്രിട്ടനിലെ പ്രശസ്തമായ oxford dictionary 2013 ൽ word of the year ആയി അംഗീകരിച്ച ഒരു വാക്കുണ്ട് .സെൽഫി (selfie ). അവർ അതിനു നിർവച നവും നൽകി. 'ഒരാൾ സ്മാർട്ട് ഫോൺ ഉപയോഗിച്ച് സ്വയം എടുക്കുന്ന തും സമൂഹ മാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുന്നതുമായ സ്വന്തം ഫോട്ടോ '.

2012 സെപ്തംബർ 13 -നാണ് സെൽഫി എന്ന വാക്ക് ആദ്യമായി ഒരു മാധ്യമത്തിൽ പ്രത്യക്ഷപ്പെട്ടത് .ഓസ്ട്രേലിയയിലെ ഒരു ഇന്റർനെറ്റ് ഫോറത്തിൽ നഥോൻ ഹോപ് എന്നൊരാൾ ഇട്ട പോസ്റ്റിലായിരുന്നു ഈ വാക്ക് വന്നത് .കാലു തട്ടി വീണ് കീഴ്ചുണ്ട് മുറിഞ്ഞ തന്റെ അനുഭവം വിവരിക്കുന്നതിനിടയിലാണ് ഹോപ് ഈ വാക്ക് ഉപയോഗിച്ചത് .

ഒരിക്കലെങ്കിലും സെൽഫി എടുക്കാത്തവർ ആരും ഉണ്ടാകില്ല . ആളുകളുടെ 'സെൽഫി ഭ്രാന്ത്' കണ്ടതോടെ പല കമ്പനികളും സെൽഫി യെടുക്കാൻ സഹായിക്കുന്ന നീളൻ സെൽഫി പ്രചാരത്തിലായതോടെ ഇ തുവെച്ച കഥകളും സീരിയലുംകളുമൊക്കെ വന്നു.

സെൽഫിയെടുക്കാൻ പോയി അപകടമുണ്ടാകുന്നതും ഇന്ന് വർധിച്ചിട്ടുണ്ട്. 2014 -ൽ തീവണ്ടിക്കു മുകളിൽ കയറി സെൽഫിയെടുക്കാൻ ശ്രമിച്ച ആൾ മരിച്ചതാണ് ആദ്യത്തെ 'സെൽഫി മരണം '.



വൃന്ദ വേണുനാഥ്


# ഔഷധച്ചെടികളും ശാസ്ത്രനാമങ്ങളും

| | |
|---|---|
| പനിക്കൂർക്ക | കോളിയസ് അരോമാറ്റിക്കസ് |
| പപ്പായ | കരിക്കാ പപ്പായ |
| മുത്തങ്ങ | സൈപെറസ് റോട്ടുണ്ടസ് |
| കുടങ്ങൽ | സെന്റല്ല ഏഷ്യാറ്റിക്കാ |
| കീഴാർനെല്ലി | ഫിലാന്തസ് നിരൂരി |
| കൈയ്യോന്നി | എക്ലിപ്റ്റ അൽബ |
| ബ്രഹ്മി | ബാക്കോപ്പ മോണിരി |
| രാമച്ചം | വെട്ടിവേരിയസിസാനോയിഡിസ് |
| ആടലോടകം | അടത്തോഡ വസിക്ക |
| അശോകം | സാറാക്ക അശോകാ |

സമ്പാദകൻ

അജിത്ത് എസ് മേനോൻ





അജയ് സുരേഷ്





ശ്രാവൺ കെ എസ്



# വിരഹം

കാത്തിരിക്കാം നിനക്കായ് ഞാൻ

എത്ര ജന്മം വേണമെങ്കിലും

വഴിയിലെവിടെയോ നിന്റെ മനസ്സ്

കളഞ്ഞുപോയപ്പോൾ മരിച്ചതാണീ ഞാൻ

മറുവാക്ക് പറയാതെ നീ നടന്നകന്നപ്പോൾ

തേങ്ങുന്ന എൻ ഹൃദയം സഖി

നീ  കാണാതെപോയതോ അതോ

കണ്ടില്ലന്നു നടിച്ചതോ ?

നിൻ പുഞ്ചിരിക്കായി കൊതിച്ച -

എൻ കണ്ണുകൾ

ജലം വറ്റിയ പുഴ കണക്കെ നിർജീവമായ്

നിനക്കായി കാത്ത വഴികളെല്ലാം ശൂന്യമായി ,എൻ  ജീവിതവും

കാത്തിരിക്കുന്നു ഞാൻ

നിനക്കായി ,നിന്റെ പുഞ്ചിരിക്കായി ...........

മണ്ണോടലിയുന്ന നേരം വരെയും

എൻ നെഞ്ചിൽ നിൻ മുഖം പതിഞ്ഞിരിക്കും

മറക്കില്ല ഞാൻ അവസാന ശ്വാസം വരെയും

എൻ പ്രാണനായ് എന്നും നീ

എന്നിൽ കുളിരേകിക്കൊണ്ടിരിക്കും .



ഗൗതം പി എസ്

മയൂഖത്തിന്റെ സാക്ഷാത്ക്കാരത്തിനായി

കരുതലും കൈത്താങ്ങുമായി കൂടെ നിന്ന ഏവർക്കും

സ്നേഹാക്ഷരങ്ങളാൽ സമർപ്പിക്കട്ടെ ....

നന്ദി ....ഹൃദയം നിറഞ്ഞ നന്ദി

എഡിറ്റോറിയൽ ബോർഡ്






N.S.S.HIGHER SECONDARY SCHOOL